# പതിനാലാം കേരള നിയമസഭ
## (ഒൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1481** **30.01.2018-ൽ മറുപടിയ്ക്ക്**

**<u>പാലമേൽ ആദിക്കാട്ട് കളങ്ങര ഫിഷ് മാർക്കറ്റ് നിർമ്മാണം</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആർ. രാജേഷ്** | **ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി):** |
| എ) മാവേലിക്കര മണ്ഡലത്തിലെ പാലമേൽ ആദിക്കാട്ട് കളങ്ങര ഫിഷ് മാർക്കറ്റ് നിർമ്മാണം പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനായി ഇനിയും സ്വീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ എന്തൊക്കെ; ആയത് അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | എ) മാവേലിക്കര നിയോജക മണ്ഡലത്തിലെ പാലമേലിൽ 174.61 ലക്ഷം രൂപ അടങ്കൽ തുകയിൽ ഒരു ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിന് ദേശീയ മത്സ്യവികസന ബോർഡിന്റേയും സംസ്ഥാന സർക്കാരിന്റേയും അനുമതി നൽകിയിരുന്നു. ടി മാർക്കറ്റ് കെട്ടിടത്തിന്റെ 95% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മാർക്കറ്റിന്റെ മുൻവശത്തുള്ള യാർഡ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തിയാണ് ഇനി പൂർത്തീകരിക്കാനുള്ളത്. കൂടാതെ ഈ മാർക്കറ്റിന് വൈദ്യുത കണക്ഷൻ ലഭ്യമാക്കൽ, ഇ.ടി.പി. സ്ഥാപിക്കൽ എന്നീ പ്രവൃത്തികളും പൂർത്തീകരിക്കാനുണ്ട്. അടിയന്തിരമായി ഇവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| ബി | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനു കീഴിൽ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ബി | ഈ സർക്കാരിന്റെ കാലത്ത് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തിരം തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ 8 പ്രവൃത്തികൾ ഏർപ്പാടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| നം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (തുക ലക്ഷത്തിൽ) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1 | പ്രായിക്കര തറയിൽ-മുക്ക് റോഡ് | 28.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | വള്ളിക്കുന്നം പള്ളിക്കത്തെ-കൊട്ടാരത്തിൽമുക്ക് റോഡ് | 16.96 | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | വിവേകാനന്ദ ജംഗ്ഷൻ-മാവോലിമുക്ക് റോഡ് | 34.45 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 4 | ആശാൻമുക്ക്-ഏലിയാസ് നഗർ റോഡ് | 22.79 | പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |
| 5 | പുലിമേൽ ചുനക്കര റോഡ് | 104 | പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |
| 6 | കല്ലിരിക്കുന്നിൽ-കുമ്പിളുമല റോഡ് | 77.91 | സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. |
| 7 | വള്ളിക്കുന്നം-കാഞ്ഞിരത്തുംമൂട് പുത്തൻചന്ത റോഡ് | 46.00 | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 8 | താമരക്കുളം ജംഗ്ഷൻ-നെടുമ്പ്രത്തുവിള പൊയ്കയിൽ വയ്യാങ്കര റോഡ് | 62.00 | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ